




ദൈവദാസനായ
# കനീസിയൂസച്ചൻ

2016 May Vol: 2 Issue: 2




# ജീവനുള്ള മരണപത്രം ജീവിക്കുന്നവർക്കായ്



**അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തർക്ക് അവരുടെ എളിയസഹോദരനായ കനീസിയൂസച്ചന്റെ മരണപത്രം.**

## മരണപത്രം

**1.** എന്റെ വേർപാടിന്റെ സമയം അടുത്തുവരുന്ന ഈ കാലസന്ധിയിൽ സുദീർഘമായ ഈ ജീവിതത്തിനുശേഷം അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തരായ എന്റെ പ്രിയപ്പെട്ട സഹോദരന്മാർക്ക് എന്തൊന്നാണ് കൊടുത്തുപോവുക എന്ന ചിന്ത പലപ്പോഴും എന്നിൽ വന്നുകൊണ്ടിരുന്നു.

**2.** ലൗകികമായ വസ്തുവകകൾ ഒന്നുതന്നെ എനിക്കില്ല. ആരെ അനുഗമിക്കുന്നതിനുവേണ്ടി ചെറുപ്പത്തിൽതന്നെ ഞാൻ എല്ലാം ഉപേക്ഷിച്ചുവോ അവിടുന്ന് എനിക്കാവശ്യമുള്ളതെല്ലാം യാതൊരുകുറവും കൂടാതെ എന്റെ സഭാസമൂഹത്തിലൂടെ എനിക്കു നല്കി. അതിനാൽ ഇപ്പോൾ എനിക്കുള്ളതെല്ലാം – ഞാൻ ധരിക്കുന്ന ഉടുപ്പുമുതൽ എന്റെ മേശപ്പുറത്തിരിക്കുന്ന വിശിഷ്ട ഗ്രന്ഥങ്ങൾവരെ എല്ലാം എന്റെ സമൂഹത്തിന്റേതാണ്.

**3.** എങ്കിലും സുദീർഘമായ എന്റെ ജീവിതാനുഭവത്തിലൂടെ എനിയ്ക്ക് ഊറിഇറഞ്ഞുകിട്ടിയിട്ടുള്ള ഒരു അമൂല്യസമ്പത്ത് എന്റേതായിട്ടുണ്ട്. പ്രകൃതിയുടെ പരിമിതികളും സ്വഭാവിക പ്രവണതകളും ലോകത്തിന്റെ പ്രലോഭനങ്ങളും പരിഗണിക്കുവാൻ തിരുസഭാ സന്യാസികളിൽ നിന്നാവശ്യപ്പെടുന്നവയിൽ പ്രധാനപ്പെട്ട ചിലത് അസാദ്ധ്യമാണെന്ന പ്രസ്താവനകൾ പലരെയും സന്യാസത്തിൽനിന്ന് നിരുൽസാഹപ്പെടുത്തുകയും വേറെ പലരെയും പ്രതി നിവർത്തിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽത്തന്നെ, മുൻപറഞ്ഞ പരിമിതികൾക്കും പുറമെ സ്വന്തം നിസ്സാരതയും ഭോഷത്വവും വിവരക്കേടും അപക്വതയും ഉണ്ടായിരിക്കെ, മനസ്സുവച്ചാൽ ദൈവസഹായത്തോടെ സന്യാസമൂല്യങ്ങൾ പാലിച്ചുകൊണ്ട് ദൈവസമക്ഷം നിർമ്മലഹൃദയരും പ്രസന്നവദനരും നിഷ്ക്കളങ്കരുമായി വ്യാപരിക്കുക സാദ്ധ്യമാണ് എന്ന അനുഭവസാക്ഷ്യമാണ് മുൻപറഞ്ഞ സമ്പത്ത്, അത് ഞാൻ എന്റെ സഹോദരന്മാർക്ക് സസന്തോഷം കൈമാറുന്നു.

**4.** ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് പുതിയ ഉടമ്പടി അനുസരിച്ച് നമ്മുടെ സാക്ഷാൽ പിതാവായ അവിടുന്ന് പിതൃസഹജമായ ശ്രദ്ധയോടെ, മക്കൾ ഓരോരുത്തരും തന്റെ ആഭിജാത്യമനുസരിച്ച് വളർന്നുവരുവാൻ തക്കവണ്ണം എല്ലാം സ്വീകരിക്കുകയും, എപ്പോഴും അവരുടെ സഹായത്തിനെത്തുകയും ചെയ്യുന്നുവെന്ന പരമാർത്ഥം ലോകത്തിൽ എവിടെയും, എപ്പോഴും പ്രഖ്യാപിച്ചുകൊണ്ടിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**5.** "തിരുമനസ്സു നടക്കും നടത്തും" ഇതാണ് നമ്മുടെ പിതാവായ വി. കുരിയാക്കോസ് ഏലിയായുടെ അനുഭവസാക്ഷ്യം. ഇതേ വീക്ഷണവും ചൈതന്യവും അവിടുത്തെ മക്കളായ നാം ഓരോരുത്തരിലും വളർന്നുവരണം. അതിനായി നമ്മുടെ General Secretariate പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കേരളസഭാ സമുദ്ധാരകൻ എന്ന ഗ്രന്ഥം ഞാൻ ശുപാർശ ചെയ്യുന്നു. നമ്മുടെ പിതാവിന്റെ സമുന്നത വ്യക്തിത്വത്തിലേക്ക് അത് എത്തിനോട്ടം നല്കുന്നു. Vol.I നമ്മുടെ Aspirants, പിതാവിന്റെ പ്രവർത്തനശൈലിയുമായി പരിചയപ്പെടുത്തുന്ന Vol. II നമ്മുടെ Postulants, ഓരോ പുണ്യത്തിലും അദ്ദേഹം നല്കിയ വീരോചിതമായ മാതൃക എടുത്തുകാണിക്കുന്ന Vol. III നമ്മുടെ Novices, അദ്ദേഹത്തിന്റെ ആഴവും ലളിതവുമായ പ്രാർത്ഥനാരീതി വിശദീകരിക്കുന്ന Vol. IV നമ്മുടെ Juniors പ്രത്യേകപഠനവിഷയമാക്കുക ഉപകാരപ്രദമായിരിക്കും. ഈ കഴിഞ്ഞ മൂന്നുവർഷങ്ങളിൽ C.S.R. ൽ നടന്ന Charism Retreats ൽ അവതരിപ്പിക്കപ്പെട്ട കാര്യങ്ങളാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

**6.** നമ്മുടെ സുപ്പീരിയേഴ്സിന് ഉപകരിക്കുമെന്ന് എനിക്ക് തോന്നിയ കാര്യങ്ങൾ C.S.R.ൽ 1987 മുതൽ നടന്ന Superiors Course ൽ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. ആ പ്രഭാഷണങ്ങൾ "ഭരണസേവനവും പ്രാർത്ഥനാജീവിതവും" എന്ന തലക്കെട്ടിൽ നമ്മുടെ General Secretariate അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ട്. അതാണ് Superiors നായി നൽകുവാനുള്ളത്.

3-ാം പേജിൽ ഒന്നാം കോളം

## പ്രാർത്ഥനയുടേയും സ്നേഹത്തിന്റെയും കൂട്ടായ്മയിൽ 18-ാം ശ്രാദ്ധദിനം ആചരിച്ചപ്പോൾ





“കർത്താവിനോടുകൂടെ ദീർഘനേരം പ്രാർത്ഥനയിൽ ആയിരിക്കുക.
ബാഹ്യ ആഡംബരങ്ങൾ സ്വമനസ്സാ ഒന്നും ഉണ്ടാകാതിരിക്കണമെന്ന് നിർബ്ബന്ധം വയ്ക്കുക.”

# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു

“അവൻെറ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു.
അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു.” (അപ്പ.19:12)

### വിശ്വസിച്ചു പ്രാർത്ഥിച്ചപ്പോൾ സൗഖ്യം ലഭിച്ചു

ഷിനി ജോൺസൺ, മാഞ്ഞാലി ഹൗസ്, കോട്ടമുറി

എന്റെ മകൾ ബെറ്റ്സി മരിയക്ക് നടക്കാനും സംസാരിക്കാനും സാധിക്കില്ല. എന്നും ഫിറ്റ്സ് വരുമായിരുന്നു. കനീസിയൂസച്ചന്റെ നൊവേന ചൊല്ലി പ്രാർത്ഥിച്ചതിന്റെ ഫലമായി മകളുടെ രോഗം ഇപ്പോൾ ഒരു മാസമായിട്ട് വന്നിട്ടില്ല. കനീസിയൂസച്ചന് ഒത്തിരി നന്ദി പറയുന്നു.

### ജീവന്റെ നാഥൻ ദൈവമാണ്

ബ്ര. ടിന്റോ മേക്കാട്ടുക്കുളം, മുണ്ടൂർ

എന്റെ വലതു കാലിൽ ആണി രോഗം ഉണ്ടായപ്പോൾ ഓപ്പറേഷൻ ചെയ്ത് മുറിച്ചു കളഞ്ഞു. കുറച്ചു ദിവസങ്ങൾക്കുശേഷം കാലിൽ ആണി രോഗം വീണ്ടും കൂടിവന്നു. നടക്കാനും, പണിയെടുക്കാനും, കളിക്കാനും ബുദ്ധിമുട്ടായി. കാലിൽ ബാൻഡേജ് വച്ച് നോക്കി. ഉപകാരമുണ്ടായില്ല. ഞാൻ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിക്കുകയും കാലിൽ കനീസിയൂസച്ചന്റെ എണ്ണ പുരട്ടുകയും ചെയ്തു. ഇപ്പോൾ 12 ആണികളും ഇല്ലാതായി സുഖപ്പെട്ടു. കനീസിയൂസച്ചന് ഒരായിരം നന്ദി.

### അളവില്ലാത്ത അനുഗ്രഹങ്ങൾ

ലൈജി കളപറമ്പത്ത്, തുമ്പരശ്ശേരി

ഞാൻ ഇറ്റലിയിൽ പോകുവാൻ ഇന്റർവ്യൂവിന് പോയപ്പോൾ അത് പാസായി വരുവാനും കനീസിയൂസച്ചന്റെ അനുസ്മരണദിനം പള്ളിയിൽ നിന്ന് പുറത്തുവരുമ്പോൾ നല്ലൊരു വാർത്ത കേൾക്കണമെന്നും കണ്ണീരോടുകൂടി പ്രാർത്ഥിച്ചു. അത്ഭുതകരമായി പറയാം, എനിക്ക് ഇറ്റലിയിൽ പോകുവാൻ അന്ന് തന്നെ വിസ വന്നു. “ദൈവേഷ്ടം അതുമാത്രം അതുമുഴുവനുമായി” എന്ന പിതാവിന്റെ പ്രാർത്ഥന ഞാൻ ആവർത്തിച്ചുരിവിട്ടിരുന്നു. ഇനിയുള്ള എന്റെ ജീവിതത്തിൽ ദൈവദാസനായ കനീസിയൂസ് പിതാവിന്റെ ഇടപ്പെടൽ ഉണ്ടാകുവാനും കൂടെ വരണമേ, കൂട്ടായിരിക്കണമേ.

### സർവ്വ ഭയങ്ങളിൽ നിന്നും അവിടുന്ന് എന്നെ മോചിപ്പിച്ചു

ലൈല

എന്റെ കൊച്ചുമോൾക്ക് ആദ്യമായി സ്കൂളിൽ പോകുവാൻ വളരെ ഭയവും മടിയും ആയിരുന്നു. കനീസിയൂസ് അച്ചന്റെ അടുത്തു വന്ന് മാദ്ധ്യസ്ഥം അപേക്ഷിച്ചതിന്റെ ഫലമായ് പൂർണ്ണമായി മകളുടെ ഭയവും മടിയും മാറിക്കിട്ടി.

### അവിസ്മരണീയമായ സമ്മാനം

കിറ്റി പുലിക്കോട്ടിൽ, തൃശ്ശൂർ

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി സുഖപ്രസവം നൽകി ആരോഗ്യമുള്ള ഒരു കുഞ്ഞിനെ തന്നനുഗ്രഹിച്ചതിന് നന്ദിയുടെ ആയിരം നറുമലരുകൾ അർപ്പിക്കുന്നു.

### അനുഗ്രഹദായകനായ കനീസിയൂസച്ചൻ

ലില്ലി പയ്യപ്പിള്ളി, മാള

ദൈവദാസനായ കനീസിയൂസ് അച്ചനോട് മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ ഫീസ് അടച്ച രസീത് കാണാതെ പോയത് തക്ക സമയത്ത് കണ്ടുകിട്ടി. ദൈവദാസനായ കനീസിയൂസ് അച്ചന് ഒരായിരം നന്ദി.

### യേശു കർത്താവാണെന്ന് അധരംകൊണ്ട് ഞാൻ ഏറ്റുപറയുന്നു

റിയമോൾ വർഗ്ഗീസ് പയ്യപ്പിള്ളി, കോട്ടമുറി, മാള

ഒരു നല്ല ജോലി ലഭിക്കുവാൻ പ്രാർത്ഥിച്ചതിന്റെ ഫലമായി അധികം താമസിയാതെ വിചാരിച്ച സ്ഥലത്തു തന്നെ ജോലി ലഭിച്ചതിന് ദൈവദാസനായ കനീസിയൂസ് അച്ചൻ വഴി ദൈവത്തിന് നന്ദി പറയുന്നു.

### കർത്താവായ ദൈവമാണ് എന്റെ ബലം

ഷൈനി

ഡെങ്കി പനിയുടെ എല്ലാ ലക്ഷണങ്ങളോടെ പനി വന്ന് ഭക്ഷണമൊന്നും കഴിക്കാൻ പറ്റാതെ വിഷമിച്ചപ്പോൾ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി പ്രാർത്ഥിച്ചതിന്റെ ഫലമായി രക്തത്തിലെ താഴ്ന്നുപോയ പ്ലേറ്റ്ലെറ്റുകൾ നാലാം ദിവസം നോർമലാവുകയും ആശുപത്രിയിൽ അഡ്മിറ്റ് ആകാതെ പനി മാറുകയും ചെയ്തു. കനീസിയൂസച്ചന് നന്ദിയുടെ നറുമലരുകൾ.

### സഹായകനായ കനീസിയുസച്ചൻ

റോസിലി വറീത് ആട്ടോക്കാരൻ

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വീട് പണിയാൻ സാധിച്ചു. മകൾ നേഴ്സിംഗ് പാസായി അവൾക്ക് ജോലി കിട്ടി. കിട്ടിയ നിരവധി അനുഗ്രഹങ്ങൾക്ക് നന്ദി പറയുന്നു.

### വിസ്മയഭരിതമായ അനുഗ്രഹം

സിന്ധു കൊമ്പിടി

ബ. കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി ബ്രസ്റ്റ് കാൻസറിന് ചികിത്സയിലായിരുന്ന എന്റെ അമ്മായിക്ക് (പൗളി പോൾ കുണ്ടുകുളം) രോഗം പൂർണ്ണമായി മാറിയതിന് ഒരായിരം നന്ദി പറയുന്നു.

### ജീവന്റെ നാഥൻ ദൈവമാണ്

ജിസ്മോൾ അരിമ്പൂക്കാരൻ

എനിക്ക് പൈൽസിന്റെ അസുഖം മൂലം ഭയങ്കര ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. കനീസിയൂസ് പിതാവിന്റെ കബറിടത്തിൽ വന്ന് ഞാനും അമ്മയും പ്രാർത്ഥിച്ചതിന്റെ ഫലമായി അസുഖം ഭേദമായി. ലഭിച്ച ഈ അനുഗ്രഹത്തിന് ഞാനും എന്റെ കുടുംബവും എന്നും പിതാവിന് കടപ്പെട്ടിരിക്കുന്നു.

### വിശ്വസിച്ചാൽ നീ സൗഖ്യം പ്രാപിക്കും

അന്ന തോമസ്

കനീസിയൂസ് അച്ചന്റെ അടുത്തു വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ നട്ടെല്ല് വേദനയും കാലിന്റെ വേദനയും മാറ്റിത്തന്നതിന് ഞാൻ നന്ദി പറയുന്നു.

### വിവാഹം മംഗളകരമായി നടന്നു

റോജ്ജി അബിൻ മല്പ്പാൻ, ചെറുവാളൂർ

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾ റോജിയുടെ വിവാഹം ഭംഗിയായി നടന്നു. ഇനിയും അവരുടെ ജീവിതം മരണം വരെയും സ്നേഹത്തിലും, സന്തോഷത്തിലും, സമാധാനത്തിലും, വിശ്വസ്തതയിലും മുന്നോട്ടു പോകുവാൻ അവർക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കണമെന്നും പ്രാർത്ഥിക്കുന്നു.

### അസാധ്യകാര്യങ്ങളുടെ മധ്യസ്ഥൻ

മേരി തോമസ് തെക്കിനിയത്ത്, കോട്ടമുറി.

എന്റ ആധാർ കാർഡ് നഷ്ടപ്പെട്ട കാര്യം എഴുതിയിട്ട അന്നുതന്നെ തിരിച്ചുകിട്ടിയതിന് കനീസിയൂസ് അച്ചന് ഒരായിരം നന്ദി.

### രക്ഷാകവചമായ കനീസിയൂസച്ചൻ

എൽസി ജോൺസൺ നൊച്ചുവളപ്പിൽ, ആളൂർ.

എന്റെ കാൽവിരലിൽ തോട്ടി കുത്തിവീണ് വിരൽ മുറിഞ്ഞ് വിട്ടുപോകുമെന്ന അവസ്ഥയിലായി ഡോക്ടർ ഓപ്പറേഷനിലൂടെ വിരൽ മുറിച്ചു കളയണമെന്ന് പറഞ്ഞു. ഞങ്ങളുടെ അമ്മൂമ്മയുടെ കസിൻ കൂടിയായ കനീസിയൂസച്ചനോട് വിരൽ മുറിച്ചു കളയാതെ സൗഖ്യം ലഭിച്ചാൽ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കാം എന്നു പറഞ്ഞ് അപേക്ഷിച്ചതിന്റെ ഫലമായി അത്ഭുതകരമായി സൗഖ്യം ലഭിച്ചു. നന്ദി.

### ദൈവത്തിന് അസാധ്യമായി ഒന്നുമില്ല

മിനി പ്രിൻസൺ പറോക്കാരൻ, മാമ്പ്ര

ദൈവദാസനായ കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൻ ഇമ്മാനുവേൽ പ്രിൻസിന് പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് തോറ്റവിഷയങ്ങൾക്ക് വിജയം കൈവരിക്കാൻ സാധിച്ചു. ഇത്രയും വലിയ അനുഗ്രഹം എനിക്കും എന്റെ കുടുംബത്തിനും നല്കിയതിന് നന്ദി പ്രകാശിപ്പിക്കുന്നു.

### പൂന്തോട്ടം മനോഹരമാക്കിയ കനീസിയൂസച്ചൻ

സാലി ജോസ് പയ്യപ്പിള്ളി

തോട്ടത്തിൽ വളർത്തിയ പുല്ല് ഒട്ടുമുക്കാലും കരിഞ്ഞു തുടങ്ങിയപ്പോൾ ബഹു. കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി പുല്ല് നല്ല പോലെ വളർന്നു വന്നു. പൂന്തോട്ടം മനോഹര



**“പണം പഞ്ചസാരയാണ്. അത് അമിതമായാൽ ആത്മാവിന് പ്രമേഹവും അത് സംബന്ധിച്ച അസുഖങ്ങളും ഉണ്ടാകും. പിശുക്ക് ദാരിദ്ര്യരൂപിയല്ല. പഞ്ചസാര കുറവായാലും രോഗങ്ങളുണ്ടാകും.”**

മായി. കനീസിയൂസച്ചൻ വഴി ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദി.

## അനുഗ്രഹദായകമായ നാമകരണ ജപം

കെ. പി. പൗലോസ്, കല്ലേലി ഹൗസ്, കുറ്റിക്കാട്

ദൈവദാസൻ കനീസിയൂസ് അച്ചന് ഒരായിരം നന്ദി. ഞങ്ങളുടേ അമ്മയുടെ മാല നഷ്ടപ്പെട്ടു. 15 ദിവസം കഴിഞ്ഞിട്ടും മാല കണ്ടെത്തിയില്ല. പെട്ടിയിൽവെച്ച മാല ആരോ എടുത്തുകൊണ്ടുപോയതാണെന്ന് അമ്മ വിചാരിച്ചു. ഞങ്ങൾ ആകെ വിഷമത്തിലായി. അങ്ങനെ ഞങ്ങൾ സി.എസ്.ആർ. –ലെ ഫാ. അബ്രാഹം അച്ചനെ കണ്ടു. അച്ചൻ പറഞ്ഞതനുസരിച്ച് ദൈവദാസൻ കനീസിയൂസച്ചന്റെ നാമകരണ ജപം ചൊല്ലുവാൻ തുടങ്ങി. മൂന്നാം ദിവസം മാല കിടക്കയുടെ ഉള്ളിൽ നിന്നും ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന ദൈവദാസൻ കനീസിയൂസച്ചന് ഒരായിരം നന്ദി പറയുന്നു.

## വിളിച്ചാൽ വിളി കേൾക്കുന്ന കനീസിയൂസച്ചൻ

ജോബി തെക്കിനിയത്ത്, ആലത്തൂർ

എന്റെ ജ്യേഷ്ഠന്റെ മകൻ ജോബിക്ക് ഭക്ഷണം കഴിച്ചപ്പോൾ തൊണ്ടയിൽ മുള്ളു കുടുങ്ങിയതുപോലെ അനുഭവപ്പെട്ടു. വെള്ളം കുടിക്കുവാനോ ഭക്ഷണം കഴിക്കുവാനോ പറ്റാത്ത അവസ്ഥയായി. കൊടുങ്ങല്ലൂരുള്ള ഇ.എൻ.ടി. ഡോക്ടറെ കാണിക്കുകയും ചെയ്തു. ഡോക്ടർ ടെസ്റ്റ് നടത്തി തൊണ്ടയിൽ കുടുങ്ങിയ മുള്ള് എടുക്കുവാൻ പരിശ്രമിച്ചെങ്കിലും വിജയിച്ചില്ല. പിറ്റേ ദിവസം എറണാകുളത്തെ ലിസി ഹോസ്പിറ്റലിലേക്ക് പോകുന്നതിനു മുമ്പായി ഞങ്ങൾ കനീസിയൂസച്ചന്റെ അടുക്കൽ വന്ന് മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിക്കുകയും വി. കുർബ്ബാനയിൽ ജോബിയെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അത്ഭുത മെന്നോണം യാത്രാമദ്ധ്യേ ജോബിക്ക് ചുമ വരുകയും തൊണ്ടയിൽ കുടുങ്ങിയ മുള്ള് തനിയെ നീങ്ങിപോകുകയും ചെയ്തു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത, വിളിച്ചാൽ വിളി കേൾക്കുന്ന കനീസിയൂസ് അച്ചന് ഒരായിരം നന്ദി അർപ്പിക്കുന്നു.

## സൗഖ്യദായകനായ പിതാവ്

ടി.ജെ. ലിയോൺസ്, ബാഗ്ലൂർ

ഒരു കാറപകടത്തിൽ പെട്ട് എന്റെ കൈകൾക്കും കാലുകൾക്കും ഗുരുതരമായി പരിക്കേറ്റു. ദൈവദാസൻ കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വളരെ പെട്ടെന്ന് സൗഖ്യം ലഭിച്ചു.

## ഉന്നത വിജയം നൽകി അനുഗ്രഹിച്ചു

ബെറ്റ്സി ജോർജ്ജ്, തൃശ്ശൂർ

കാക്കനാട് രാജഗിരി കോളേജിൽ എം. ബി. എ. അവസാന സെമസ്റ്ററിൽ പഠിക്കുന്ന എന്റെ മകൻ ആകാശിന് മൂന്നാം സെമസ്റ്ററിലെ ഒരു വിഷയം വളരെ ബുദ്ധിമുട്ടായിരുന്നു. കനീസിയൂസച്ചന്റെ ശ്രാദ്ധ ഊട്ടിന്റെ അന്ന് അമ്പഴക്കാട് കോട്ടക്കൽ കൊവേന്തയിൽ വന്ന് വി. കുർബ്ബാനയിലും ശ്രാദ്ധ ഊട്ടിലും പങ്കെടുത്ത് കബറിടത്തിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി ബുദ്ധിമുട്ടുള്ള വിഷയത്തിൽ നല്ല മാർക്ക് കിട്ടുകയും മൂന്നാം സെമസ്റ്റർ നല്ല മാർക്കോടുകൂടി പാസാകുകയും ചെയ്തു. ദൈവദാസൻ കനീസിയൂസച്ചന് നന്ദി.



1–ാം പേജിൽ നിന്നും തുടർച്ച

# ജീവനുള്ള മരണപത്രം ജീവിക്കുന്നവർക്കായ്

**അമലോത്ഭവമറിയത്തിന്റെ കർമ്മലീത്തക്ക് അവരുടെ എളിയസഹോദരനായ കനീസിയൂസച്ചന്റെ മരണപത്രം.**

**7.** അവസാനമായി നമ്മുടെ ആദിമാതാപിതാക്കന്മാരുടെ വീക്ഷണവും ചൈതന്യവും ഉൾക്കൊള്ളുവാൻ വളരെ സഹായകമായ ഒരു മാർഗ്ഗവും കൂടി ചൂണ്ടികാണിച്ചുകൊള്ളട്ടെ. അത് ദിവസേന 15 രഹസ്യവും ധ്യാനിച്ചുകൊണ്ടു നടത്തുന്ന പ.കന്യകയുടെ ജപമാലയാണ്. പിതാക്കന്മാർ ദിവസേന മൂന്നു പ്രാവശ്യമായി 15 രഹസ്യവും ധ്യാനിച്ചിരുന്നു. വിശ്വാസത്തിന്റെയും സന്യാസത്തിന്റെയും തീർത്ഥയാത്രയിൽ നമ്മുടെ മുന്നോടിയും മാതൃകയും മാതാവുമായ പരിശുദ്ധ കന്യകയുടെ വിജയരഹസ്യം വെളിപ്പെടുത്തുന്ന പ്രസ്തുതരഹസ്യങ്ങൾ 15 ഉം നാം ദിവസേന ജപിക്കുന്ന 53 മണി ജപത്തിനെടുക്കുന്ന സമയംകൊണ്ട് ധ്യാനിക്കുവാൻ സഹായിക്കുന്ന ത്രിമുഖ/പഞ്ചഘട്ട ജപമാലകൾ, സി.ആർ.എസിൽ ഈ കഴിഞ്ഞ മരിയൻ ജൂബിലി (1986–88) യോടനുബന്ധിച്ചു നടത്തിയ ചില ധ്യാനങ്ങളിലാണ് അവതരിപ്പിച്ചത്. അവ ആമുഖചിന്തകളോടുകൂടി, ഒരു കയ്യെഴുത്ത് ഗ്രന്ഥമായി ഒരുക്കിവച്ചിട്ടുണ്ട്. അത് ഓരോരുത്തരുടെയും പരിചിന്തനത്തിനായി ഞാൻ സമർപ്പിക്കുന്നു.

**8.** എന്റെ ജീവിതാനുഭവങ്ങൾ ദേവമാതാ പ്രോവിൻസിലെ സഹോദരങ്ങളുമായി പങ്കുവയ്ക്കണം എന്ന അഭ്യർത്ഥനയോടെ ദേവമാതാബുള്ളറ്റിന്റെ ബ. എഡിറ്ററച്ചൻ എന്നെ സമീപിച്ചു, 1984–ൽ ഞാൻ സംക്ഷേപമായി എഴുതിക്കൊടുത്തത് അദ്ദേഹം അതേവർഷം പ്രസ്തുത ബുള്ളറ്റിന്റെ സെപ്റ്റംബർ നമ്പറിൽ പ്രസിദ്ധീകരിച്ചു (pp25–30) അതു തന്നെയാണ് സഭാംഗങ്ങൾ എല്ലാവരുമായി എനിക്ക് പങ്കുവയ്ക്കുവാനുള്ളത് (കയ്യെഴുത്തു മൂലത്തിന്റെ കോപ്പി, ഇതോടെ) ഇതാ, എന്റെ സ്നേഹ സമൂഹത്തിനായി തന്നുപോകാനുള്ള എന്റെ എളിയ സംഭാവനകൾ.

**9.** സുദീർഘവും വിവിധതലങ്ങളിലൂടെ കടന്നുപോന്നതുമായ എന്റെ ജീവിതത്തിൽ, എന്റെ കഴിവുകേടും, നോട്ടക്കുറവും അപക്വതയും ദുർമ്മാതൃകകളുംമൂലം ഞാനുദ്ദേശിക്കാതെ തന്നെ (ഉദ്ദേശിച്ചിട്ടില്ലെന്ന് തീർച്ച) എന്റെ സ്നേഹ സഹോദരങ്ങളിൽ പലരും വേദനിക്കാനിടയായിട്ടുണ്ടെന്ന് ചിലർ എന്നോടു നേരിട്ടു പറഞ്ഞിട്ടുണ്ട്. പറയാത്തവരും അനേകമുണ്ടെന്ന് എനിക്കറിയാം. അവരോടെല്ലാം ഞാൻ വിനയപൂർവ്വം മാപ്പപേക്ഷിക്കുന്നു. എന്നോടു ക്ഷമിച്ച് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ! എന്ന് വിനയപൂർവ്വം ഞാനഭ്യർത്ഥിക്കുന്നു. അങ്ങനെ, വേർപാടിനുശേഷം സത്വരമായി അഭിമുഖദർശനം ലഭിക്കുവാൻ ഇടയാക്കണമെ! നിങ്ങളോടുള്ള എന്റെ കൃതജ്ഞത, നിത്യത്വത്തിലും നിലനിൽക്കുമെന്ന് ഞാൻ ഉറപ്പുപറയുന്നു.

നാം എല്ലാവരും പിതൃഭവനത്തിൽ ഒന്നിച്ചുചേരുന്നദിവസം മുന്നിൽ കണ്ടുകൊണ്ട് ജീവിതായോധനത്തിൽ പൂർണ്ണവിജയത്തിനായി നമുക്ക് ധീരധീരം പോരാടാം. അതിനായി നമുക്ക് പ്രാർത്ഥനകൊണ്ട്, പരസ്പരം സഹായിക്കണം. യാത്ര!



# നവസന്യാസഭവന സ്മരണകളിൽ

**Centenary Souvenir** – ൽ പ്രസിദ്ധീകരിച്ച ദൈവദാസനായ കനീസിയൂസ് സി.എം.ഐ. എഴുതിയ ലേഖനം (1889-1989, L.F. Novitiate Ambazhakad)

നവസന്യാസഭവനത്തെക്കുറിച്ചേർക്കുമ്പോൾ എന്റെ സ്മരണയിൽ ഓടിയെത്തുന്നത്, ആദ്യത്തേയും അവസാനത്തേയും ദിവസങ്ങളിലെ അനുഭവങ്ങളാണ്.

ആദ്യ ദിവസം ഞാൻ കണ്ടുമുട്ടിയ പ്രീഫെക്ട്-പരേതനായ ബഹു. സബീനൂസച്ചൻ-അനാർഭാടതയുടെയും സൗമനസ്യത്തിന്റെയും പ്രതീകമായിരുന്നു. ഇന്നും, അദ്ദേഹം സുസ്മരവദനനായി എന്റെ സ്മരണയിൽ തെളിഞ്ഞുനിൽക്കുന്നു.

അവസാന ദിവസം, ബഹു. പ്രിയോരച്ചനെ-പരേതനായ ബഹു. ജെരാർദ്ദച്ചൻ-തനിയെ കണ്ടു യാത്ര പറയാൻ ചെന്നപ്പോൾ, അദ്ദേഹം കുറച്ചു സമയം ഉപദേശ രൂപത്തിൽ സംസാരിച്ചു. അദ്ദേഹം ചോദിച്ചു: “നവസന്യാസ പരിശീലനം ഫലപ്രദമായി തോന്നുന്നുണ്ടോ” എന്ന്. “ഫലപ്രദമായി എന്നാണ് എന്റെ ബോധ്യം” എന്ന് ഉത്തരിച്ചപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു; “ഇവിടെനിന്നു പുറത്തിറങ്ങുമ്പോൾ, ഒരാൾ ഒളിഞ്ഞുനിന്ന് മുഖത്ത് ഒരു തുപ്പു തന്നാൽ, അതു പ്രശാന്തനായി സ്വീകരിക്കുമോ” എന്ന്. അന്നും തികച്ചും വിസ്മയകരമായി തോന്നിയ ആ ചോദ്യം, ബൈബിൾ സവിസ്തരം പഠിച്ചു പുറത്തിറങ്ങിയ അവസരമായിരുന്നതിനാൽ (ഏശ. 50: 4–6), തീർത്തും ‘ബിബ്ളിക്കൽ’ ആയിരുന്നുവെന്നു മനസ്സിലായി.

നവസന്യാസകാലത്തെ ഞങ്ങളുടെ പാഠപുസ്തകം (ടെക്സ്റ്റ് ബുക്ക്) ഞങ്ങളുടെ ഗുരുവായിരുന്ന ബ. ബർത്തുൽമൈ അച്ചൻതന്നെയായിരുന്നു. “പ്രാർത്ഥന പ്രവർത്തനത്തിനു പ്രചോദനവും പ്രവർത്തനം പ്രാർത്ഥനക്കു പോഷണവും ആയിരിക്കണം” എന്ന പാഠത്തിന്റെ ഘനീഭാവമായിരുന്നു ഗുരുവച്ചൻ. നിശയുടെ നിശബ്ദതയിൽ, ദിവസേന ആരും അറിയാതെ മുറിത്തട്ടിൽ അനുഷ്ഠിച്ചിരുന്ന “തിരുമണിക്കൂർ” (11–12), പെസഹാത്തിരുനാളിനും നാൽപതുമണിയാരാധനക്കും മറ്റും പാതിരാ കഴിഞ്ഞുപോലും നീണ്ടിരുന്ന അലങ്കാര ജോലികളിൽ ഞങ്ങളോടൊപ്പം നിന്നുകൊണ്ടുള്ള നേതൃത്വംവഴി “ദൈവത്തിനുവേണ്ടി പരമാവധി” എന്ന പാഠം നിശബ്ദമായി ഞങ്ങളെ അദ്ദേഹം പഠിപ്പിച്ചു. “ജൂബിലിക്കപ്പേള” നിർമാണം വ്യക്തിപരമായ കഴിവുകളും അഭിരുചികളും അവസരോചിതം ദൈവത്തിനുവേണ്ടി പരമാവധി പ്രവർത്തനനിരതമാക്കണം എന്ന നിഷ്ഠയ്ക്കു സ്വമാതൃകവഴി അദ്ദേഹം ഞങ്ങൾക്കു നൽകിയ ശക്തിയേറിയ ആഹ്വാനമായിരുന്നു.

പള്ളി, പ്രാർത്ഥനാമുറി, കളിസ്ഥലം, കശുമാവിൻത്തോപ്പ്, ആശ്വാസമുറി മുതലായവയെല്ലാം നവസന്യാസകാലത്തെ അവിസ്മരണീയ ഘടകങ്ങളായിരുന്നു. ആശ്വാസത്തിന്റെയും ആഹ്ലാദത്തിന്റെയും കൂട്ടായ്മാനുഭവത്തിന്റെയും കേന്ദ്രങ്ങൾ!


ദൈവത്തിനു സ്തുതി.

■



# ദൈവത്തെ കണ്ട കനീസിയൂസച്ചൻ

ഫാ. ലൂഷ്യസ് നെരേപ്പറമ്പിൽ സി.എം.ഐ



സി.എം.ഐ. സഭയിലെ ആദരണീയനായ ബ. കനീഷ്യസ് തെക്കേക്കരയച്ചൻ നിത്യതയിലേക്ക് പ്രവേശിച്ചിട്ട് ഇപ്പോൾ പതിനെട്ട് വർഷമായി. അദ്ദേഹത്തിന്റെ താപസരൂപം, നിഷ്കളങ്ക സ്നേഹം അലടയിക്കുന്ന പുഞ്ചിരി, ആരെയും ബഹുമാനിക്കുന്ന വലിയ മനസ്സ്, വിനയവും വിജ്ഞാനവും ഒത്തിണങ്ങിയ സംഭാഷണം, ഏത് പ്രതിസന്ധിഘട്ടത്തിലും ദൈവതിരുമനസ്സ് എന്താണെന്നറിഞ്ഞ് മറ്റുള്ളവർക്ക് വെളിപ്പെടുത്തി ആശ്വസിപ്പിക്കുന്ന പ്രവാചകസാന്നിധ്യം, ദിവ്യകാരുണ്യ സന്നിധിയിൽ വളരെയേറെ സമയം നിർന്നിമേഷനായി മുട്ടുകുത്തി നിൽക്കുന്ന പ്രാർത്ഥനയുടെ മനുഷ്യൻ– ഈ ഓർമ്മകളൊന്നും അത്ര എളുപ്പം നമ്മിൽനിന്ന് മാഞ്ഞുപോവുകയില്ല.

## നിത്യതനേടിയ ജീവിതം

ഇരിഞ്ഞാലക്കുട രൂപതയിലെ ആനന്ദപുരം ഇടവകയിൽ തെക്കേക്കര പൊതപറമ്പിൽ കുടുംബത്ത് ലോനപ്പൻ മറിയം ദമ്പതിമാരുടെ അഞ്ചാമത്തെ സന്താനമായി 1914 മെയ് 12 ന് കനീഷ്യസച്ചൻ ഭൂജാതനായി. എന്നും നിത്യതതേടി ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതയാത്ര. നാലാംക്ലാസ് വിദ്യാഭ്യാസം കഴിഞ്ഞതോടെ നിത്യതയിലെത്താൻ താൻ എന്ത് ചെയ്യണം എന്നതായിരുന്നു ബാലനായ ഇദ്ദേഹത്തിന്റെ മനസ്സിലെ പ്രധാന ചിന്ത. ഇതിനുവേണ്ടിയാണ് ആ നാളുകളിൽ അദ്ദേഹം സ്വന്തം അമ്മയോടുകൂടെ അമ്പഴക്കാട് കൊവേന്തയിൽവന്ന് പ്രിയോരച്ചനെ കണ്ട് തനിക്ക് ഒരു സന്യാസ വൈദികനാകണമെന്ന ആഗ്രഹം അറിയിച്ചത്. അന്ന് മുതൽ 1998 ജനുവരി 29 ന് മരിക്കുന്നതുവരെ നിത്യതയിലെത്താൻ സ്വയം അണിഞ്ഞൊരുങ്ങുന്ന ഒരു ജീവിതമായിരുന്നു കനീഷ്യസച്ചന്റേത്.

## ദൈവവചനബദ്ധമായ ജീവിതം

ദൈവവചനമായിരുന്നു കനിഷ്യസച്ചന്റെ ആദ്ധ്യാത്മികതയുടെ ഊടും പാവും. ബൈബിൾ കൂടുതൽ ആഴത്തിൽ പഠിക്കുവാൻ അദ്ദേഹം ആശിച്ചു. ആ ആഗ്രഹം ദൈവം സാധിച്ചുകൊടുത്തു. 1948–ൽ സി.എം.ഐ. സഭ അദ്ദേഹത്തെ ഉപരിപഠനാർത്ഥം റോമായിലേക്ക് അയച്ചു. അവിടെ പൊന്തിഫിക്കൽ ബിബ്ലിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് നേടി കനീഷ്യസച്ചൻ 1953–ൽ തിരിച്ചെത്തി. അതിനുശേഷം നീണ്ട വർഷങ്ങൾ അദ്ദേഹം ചെത്തിപ്പുഴയിലും ബാംഗ്ലൂരിലും വൈദികാർത്ഥികൾക്ക് ബൈബിൾ ജ്ഞാനവും ദൈവവചന ആദ്ധ്യാത്മികതയും പകർന്നുകൊടുത്തു. എല്ലാം മറന്ന് ദൈവവചന വിചിന്തനത്തിൽ ലയിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ക്ലാസുകൾ വളരെ ആകർഷകമായിരുന്നു. സുന്ദരമായ കൈയെഴുത്ത്, ഹൃദയസ്പർശിയായ ഭാഷ, സദാ പുഞ്ചിരി തൂകുന്ന മുഖം, ഇവയൊക്കെ വിദ്യാർത്ഥികളെ ഹഠാകർഷിച്ചു. ജീവിതത്തിലെ ഏതു കാര്യത്തെക്കുറിച്ചുള്ള പരിചിന്തനത്തിലും തീരുമാനത്തിലും ദൈവവചനമായിരുന്നു അദ്ദേഹത്തിന്റെ മാനദണ്ഡം. സി.എം.ഐ. സഭയുടെ പൊതു പഠനഗൃഹമായ ധർമ്മാരാമിൽ പ്രൊഫസറായും, റെക്ടറായും ആദ്ധ്യാത്മിക നിയന്താവായും ദീർഘനാൾ സേവനമനുഷ്ഠിച്ച കനീഷ്യസച്ചനെ അവിടത്തെ ജനങ്ങളും അവിടെ പരിശീലനം കിട്ടിയവരും സഹപ്രവർത്തകരും ഇന്നും സ്നേഹാദരവുകളോടെ ഓർക്കുന്നു.

## അധികാരം വികേന്ദ്രീകരണത്തിന്

അത്യഗാധമായ എളിമയുള്ള ഒരു വ്യക്തിത്വമായിരുന്നു കനീഷ്യസച്ചന്റേത്. “തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും” എന്ന യേശുവിന്റെ വചനം അദ്ദേഹത്തിൽ അന്വർത്ഥമായി. അദ്ദേഹത്തിന്റെ വിനയവും വിശുദ്ധിയും പരിഗണിച്ച് സി.എം.ഐ. സഭ അദ്ദേഹത്തെ സഭയിലെ എല്ലാ ഉന്നത സ്ഥാനങ്ങളിലേക്കും ഉയർത്തി. ധർമ്മാരാം റെക്ടർ, തൃശൂർ ദേവമാതാ പ്രവിശ്യാ കൗൺസിലർ, പ്രവിശ്യാധിപൻ, ജനറൽ കൗൺസിലർ, പ്രിയോർ ജനറൽ എന്നീ സ്ഥാനങ്ങളിലെല്ലാം അധികാരം വിനീത സേവനത്തിന് എന്ന ദൈവവചന ഉൾക്കാഴ്ച യാഥാർത്ഥ്യമാക്കി കനീഷ്യസച്ചൻ നിസ്വാർത്ഥ സേവനം കാഴ്ചവെച്ചു. സഭയേയും സഭാംഗങ്ങളെയും അദ്ദേഹം ആഴമായി സ്നേഹിച്ചു വളർത്തി.

## പ്രാർത്ഥനയിലൂടെയുള്ള അജപാലന ദൗത്യം

സി.എം.ഐ. സഭയുടെ പരിയാരത്തുള്ള സാക്ഷാത്കാരയിൽ നീണ്ട വർഷങ്ങൾ മൗനത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച് ഒരു നല്ല ഇടയനെപ്പോലെ അനേകർക്ക് ദൈവവചന ദീപ്തിയും ഹൃദയസമാധാനവും പകർന്നുകൊടുക്കാൻ കനീഷ്യസച്ചന് സാധിച്ചിട്ടുണ്ട്. അവിടെയുള്ള സന്നിധാന കപ്പേളയിൽ പരിശുദ്ധ കുർബ്ബാനക്കു മുന്നിൽ മുട്ടുകുത്തി, കൈകകൾ കൂപ്പി, പ്രാർത്ഥനാനിമഗ്നനായി, നിർന്നിമേഷനായി നിന്നിരുന്ന കനീഷ്യസച്ചനെ കാണുന്നതുതന്നെ അനേകർക്ക് പ്രാർത്ഥനാജീവിതത്തിൽ വളരുവാൻ ഉത്തേജനം നൽകിയിട്ടുണ്ട്. അനുദിനമെന്നോണം പ്രാർത്ഥനാസഹായം തേടിക്കൊണ്ട് അദ്ദേഹത്തെ സമീപിച്ചിരുന്നവർക്കുവേണ്ടി മാധ്യസ്ഥ പ്രാർത്ഥന നടത്തുകയായിരിക്കും അദ്ദേഹം അവിടെ ചെയ്തിരുന്നത്. കൂടാതെ, “മുല്ലപ്പൊമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാം ഒരു സൗരഭ്യം” എന്നോർത്ത് ദിവ്യകാരുണ്യ യേശുവാകുന്ന ദിവ്യമുല്ലയുടെ അടുത്ത് മണിക്കൂറുകൾ ചേർന്നിരിക്കാൻ അദ്ദേഹം ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

## അമ്പഴക്കാട്ട് നിത്യവിശ്രമം

അമ്പഴക്കാട് കൊവേന്തയിലാണ് കനീഷ്യസച്ചൻ തന്റെ ജീവിതാന്ത്യനാളുകൾ ചെലവഴിച്ചത്. അവിടെവെച്ചുതന്നെ ആയിരുന്നല്ലോ അദ്ദേഹം തന്റെ സന്യാസ ജീവിതം ആരംഭിച്ചതും. വി. അമ്മത്രേസ്യായുടെ വലിയ ഭക്തനായിരുന്നു കനീഷ്യസച്ചൻ. ആ വിശുദ്ധയുടെ നാമധേയത്തിലുള്ള അമ്പഴക്കാട് ആശ്രമത്തിൽതന്നെ 1998 ജനുവരി 29ന് മരിച്ച് അടക്കപ്പെട്ടിരിക്കുന്നു. ഈ വിശുദ്ധ മനുഷ്യന്റെ പുണ്യപരിമളം ഇന്ന് ആ കല്ലറയിൽനിന്ന് നിർഗ്ഗളിച്ച് ദൈവാനുഭവത്തിനായി ദാഹിക്കുന്ന സകലരിലേക്കും പരക്കാൻ തുടങ്ങിയിരിക്കുന്നു. നമുക്ക് അതിൽ ആനന്ദിക്കാം. ദൈവം തിരുമനസ്സാകുമെങ്കിൽ അനതിവിദൂര ഭാവിയിൽ നമ്മുടെ പ്രിയപ്പെട്ട കനീഷ്യസച്ചൻ അൾത്താരയിൽ വണങ്ങപ്പെടാൻ ഇടവരട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം.

### ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ


| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, ഏറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 - 1978 | : സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

### എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

| | |
|---|---|
| 06.00 am | : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ് |
| 02.30 pm | : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം |
| 05.00 pm | : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന |
| 07.00 pm | : നവസന്യാസികളുടെയും വൈദീകരുടെയും പ്രാർത്ഥന |

Route Map to

ST. TERESA'S MONASTERY




**The Vice Postulator, Servant of God Fr. Canisius' Cause**
**ST. TERESA'S MONASTERY, KOTTACKAL**
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com



ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം